# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 973** **14/06/2012 -ൽ മറുപടിക്ക്**

## വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) | സർക്കാർ, എയിഡഡ് മേഖലയിൽ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സ്കൂൾ കുട്ടികൾക്കും, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്.<br>കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | എങ്കിൽ എന്നുമുതലാണ് ഇത് ഏർപ്പെടുത്തിയത്; എത്ര രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നത് ; ഏതെല്ലാം രൂപത്തിലുള്ള പരിരക്ഷയാണ് ലഭിക്കുന്നത് ; | (ബി) | 1989 മുതലാണ് പദ്ധതി ആരംഭിച്ചത്. അപകട മരണം, മാരക രോഗം ബാധിച്ചുള്ള മരണം എന്നിവയ്ക്ക് 10,000/- രൂപയും അപകടത്തിൽ പരിക്കേൽക്കുന്ന കുട്ടികൾക്ക് പരിക്കിന്റെ തീവ്രത അനുസരിച്ചുള്ള ചികിത്സാ സഹായവും അനുവദിക്കുന്നുണ്ട്. എന്നാൽ ആത്മഹത്യ ചെയ്യുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിന് അർഹതയില്ല. |
| (സി) | ഏത് ഇൻഷ്വറൻസ് കമ്പനിയിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; ഇതിനുള്ള പ്രീമിയമായി എത്ര രൂപയാണ് സർക്കാർ നൽകുന്നത് ; എത്ര രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ? | (സി) | ആരംഭകാലത്ത് പൊതു മേഖലാ ഇൻഷ്വറൻസു കമ്പനികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിൽ വരുത്തിയത്. 2003 മുതൽ പൊതു വിദ്യാഭ്യാസ വകുപ്പു നേരിട്ട് ഈ പദ്ധതി നടത്തി വരുന്നു. പ്രീമിയമായി സർക്കാർ തുകയൊന്നും നൽകുന്നില്ല. ഒരു കോടി രൂപയാണു ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**